**പതിമൂന്നാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2011-14)

**നാലാമത് റിപ്പോർട്ട്**

(2014 ജനുവരി 29-ാം തീയതി സമർപ്പിച്ചത്)

**(പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി**

**(2011-14)**

നാലാമത് റിപ്പോർട്ട്

(2014 ജനുവരി 29-ാം തീയതി സമർപ്പിച്ചത്)

**(പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)**

225/2014.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

„ കെ. വി. അബ്ദുൾ ഖാദർ

„ പി. ബി. അബ്ദുൾ റസാക്

„ പി. എ. മാധവൻ

„ റ്റി. വി. രാജേഷ്

„ കെ. ശിവദാസൻ നായർ

„ വി. എസ്. സുനിൽ കുമാർ

„ തോമസ് ചാണ്ടി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ഡെപ്യൂട്ടി സെക്രട്ടറി

„ സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ദുരിതമനുഭവിക്കുന്ന മറുനാടൻ മലയാളികൾക്ക് ഒരളവുവരെയെങ്കിലും ആശ്വാസമേകുക എന്ന ലക്ഷ്യത്തോടെയാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് കേരള നിയമസഭ രൂപം നൽകിയത്. പ്രവാസി മലയാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സമിതി നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് അന്തർസംസ്ഥാന പഠനപര്യടനങ്ങൾ.

2012 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സമിതി ചെന്നൈ, ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ, കൊൽക്കത്ത, ചണ്ഡിഗഡ് എന്നീ നഗരങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ വിവിധ മലയാളി സംഘടനകളുമായി ചർച്ച നടത്തുകയും അവരിൽനിന്ന് പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പരാതികളും നിർദ്ദേശങ്ങളും സമിതി പഠനവിധേയമാക്കുകയുണ്ടായി. പ്രവാസി മലയാളികളുടെ ഉത്ക്കർഷത്തിനും ഉന്നമനത്തിനുമായി സമിതി നടത്തിയ പഠനത്തിൽ ഉരുത്തിരിഞ്ഞ ശുപാർശകൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2013 ജൂലൈ മാസം 23-ാം തീയതി കൂടിയ സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

അബ്ദുറഹിമാൻ രണ്ടത്താണി,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 29.

# റിപ്പോർട്ട്

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രവാസി മലയാളികൾ അതീവ പരിഗണന അർഹിക്കുന്ന ഒരു സാമൂഹിക വിഭാഗമാണ്. മറുനാടുകളിലേക്കുള്ള മലയാളിയുടെ കുടിയേറ്റത്തിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക പ്രതിച്ഛായതന്നെ മാറിമറിഞ്ഞു. കേരളത്തിലെ തൊഴിലില്ലായ്മ ഒരുപരിധിവരെ പരിഹൃതമായത് മലയാളിയുടെ ഗൾഫ് നാടുകളിലേക്കും അന്യസംസ്ഥാനങ്ങളിലേക്കുമുള്ള കുടിയേറ്റംമൂലമാണ്.

2. അതിജീവനത്തിനായുള്ള മലയാളിയുടെ അന്യദേശയാത്രകൾ സ്വാതന്ത്ര്യ ലബ്ധിക്കും വളരെ മുമ്പുതന്നെ ആരംഭിച്ചതായി കാണാം. കാടും മലയും കടന്ന് പ്രതിസന്ധികളോടും വിപരീതസാഹചര്യങ്ങളോടും മല്ലടിച്ച് മറുനാടുകളിൽ കനകം വിളയിച്ച അദ്ധ്വാനശീലരായ കർഷകർ മലയാളിയുടെ പ്രവാസ ജീവിതത്തിന് അടിത്തറയേകി. കേരളത്തിന്റെ അതിരുകൾ താണ്ടിയുള്ള മലയാളിയുടെ കുടിയേറ്റത്തിനെ ഇതിന്റെ തുടർച്ചയായി കാണാം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന ങ്ങൾ പുനഃസംഘടിപ്പിച്ചപ്പോഴും, ഭാസുരമായ ഭാവിജീവിതം സ്വപ്നം കണ്ടിരുന്ന അദ്ധ്വാനശീലരായ മലയാളികൾ ഭാഷയാൽ നിർണ്ണയിക്കപ്പെട്ട ഭൂമിശാസ്ത്രപരമായ അതിരുകൾ അവഗണിച്ചുകൊണ്ട് ചക്രവാളംവരെ തന്റെ കർമ്മമേഖലയായി കരുതുകയും ലോകത്തിന്റെ എല്ലാ കോണുകളിലും ചെന്നെത്തുകയും ചെയ്തു.

3. തൊഴിലന്വേഷിച്ച് മറുനാടുകളിലേക്കുള്ള മലയാളിയുടെ പ്രവാഹം വ്യാപക മായിട്ട് ഏകദേശം അരനൂറ്റാണ്ടോളമായി. ഉപജീവനത്തിനായി കേരളത്തിൽനിന്ന് അന്യസംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും ചേക്കേറിയവർ ചെന്നിടങ്ങളിലെല്ലാം സ്വന്തം സ്വത്വം ഊട്ടിയുറപ്പിച്ചു.

4. കഠിനാദ്ധ്വാനം, അച്ചടക്കം തുടങ്ങിയവകൊണ്ട് മലയാളികൾ തൊഴിലുടമകളുടെ പ്രീതി പിടിച്ചുപറ്റി. കേരളത്തിനുപുറത്ത് മഹാനഗരമെന്നോ ചെറുപട്ടണമെന്നോ വ്യത്യാസമില്ലാതെ തുണിമില്ലുകളിലും ടൈൽസ് ഫാക്ടറികളിലും മലയാളി വിയർപ്പൊഴുക്കി. മഹാനഗരങ്ങളുടെ ഇന്നത്തെ നിലയിലേക്കുള്ള വളർച്ചയ്ക്ക് പിന്നിൽ മലയാളിയുടെ അദ്ധ്വാനമെന്ന കനത്ത സംഭാവന ഒരു പ്രധാന പങ്കുതന്നെ വഹിച്ചിട്ടുണ്ട്. ജീവകാരുണ്യരംഗത്ത് മലയാളി നഴ്സുമാർ കൊളുത്തിയ കാരുണ്യത്തിന്റെ നിറദീപം മലയാളിയുടെ നന്മയുടെ പ്രതീകമായി ഇന്നും ജ്വലിക്കുന്നു.

5. അന്യദേശങ്ങളിൽ തൊഴിലെടുക്കുന്ന മലയാളികൾ ഏകദേശം മുപ്പത്തിയെട്ട് ലക്ഷത്തോളം വരുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ സ്വന്തംനാടുവിട്ട് അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങളിലുംപോയി അദ്ധ്വാനിച്ച് ജീവിതമാരംഭിക്കുകയും അതിലൂടെ സാമ്പത്തികഭദ്രത കൈവരിക്കുകയും ചെയ്തവരേക്കാൾ എത്രയോ മടങ്ങ് അധികമാണ് കഠിനമായി അദ്ധ്വാനിച്ചിട്ടും നിത്യവൃത്തിക്കുപോലും കഷ്ടപ്പെടുന്ന പ്രവാസികളുടെ എണ്ണം.

225/2014.

6. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന മറുനാടൻ മലയാളികൾക്ക് ഒരളവു വരെയെങ്കിലും ആശ്വാസമേകുക എന്ന ലക്ഷ്യത്തോടെയാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് കേരള നിയമസഭ രൂപം നൽകിയത്. പ്രവാസി മലയാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സമിതി നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് അന്തർസംസ്ഥാന പഠനപര്യടനങ്ങൾ.

7. 2011-ൽ രൂപീകൃതമായ നിലവിലെ സമിതി പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലും ഡൽഹി, മുംബൈ എന്നീ മഹാനഗരങ്ങളിലും സന്ദർശനങ്ങളും തെളിവെടുപ്പ് യോഗങ്ങളും നടത്തുകയും അവയിൽനിന്നും മനസ്സിലാക്കിയ പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ക്രോഡീകരിച്ച് കേരള നിയമസഭ മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുകയുമുണ്ടായി.

8. 2012 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സമിതി ചെന്നൈ, ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ, കൊൽക്കത്ത, ചണ്ഡിഗഡ് എന്നീ നഗരങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ വിവിധ മലയാളി സംഘടനകളുമായി ചർച്ച നടത്തുകയും അവരിൽനിന്ന് പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പരാതികളും നിർദ്ദേശങ്ങളും സമിതി പഠനവിധേയമാക്കുകയുണ്ടായി. പ്രവാസിമലയാളികളുടെ ഉത്ക്കർഷത്തിനും ഉന്നമനത്തിനുമായി സമിതി നിർദ്ദേശിക്കുന്ന ശുപാർശകൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

9. മറുനാടുകളിൽ വിയർപ്പൊഴുക്കുമ്പോഴും മലയാളി സ്വന്തം ഭാഷയും സംസ്കാരവും കൈവെടിയാറില്ല. കേരളത്തിലെ പ്രമുഖപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും മറുനാടുകളിലും ലഭ്യമാകുന്നത് ഇതിന് മകുടോദാഹരണമാണ്.

10. കേരളത്തിന് പുറത്ത് മറ്റൊരു ജന്മനാട് മലയാളി സൃഷ്ടിച്ചത് കേരളത്തോടടുത്ത് കിടക്കുന്ന തമിഴ്നാട്ടിലാണെന്ന് കാണാം. അന്യസംസ്ഥാനമെന്ന വ്യത്യാസമില്ലാതെ തമിഴ്നാടിനെ മലയാളി സ്വാംശീകരിച്ചു. എന്നാൽ തമിഴ്നാട്ടിൽ പഠിക്കുന്ന ആയിരക്കണക്കിന് മലയാളി വിദ്യാർത്ഥികൾക്ക് മാതൃഭാഷ പഠിക്കുവാനുള്ള സാഹചര്യം നഷ്ടപ്പെടുന്നു എന്നുള്ളതാണ് ഇന്ന് തമിഴ്നാട്ടിലെ മലയാളികൾ നേരിടുന്ന മുഖ്യപ്രശ്നം. തമിഴ്നാട് സർക്കാർ ഒന്നാം ഭാഷയായി തമിഴ് പഠനം നിർബന്ധമാക്കിയതിനെത്തുടർന്ന് ഭാഷാന്യൂനപക്ഷങ്ങൾക്ക് മാതൃഭാഷ പഠിക്കുന്നതിനുള്ള അവകാശം പരിമിതപ്പെട്ടിരിക്കുകയാണ്. മലയാളി വിദ്യാർത്ഥികൾക്ക് താല്പര്യമുള്ളപക്ഷം മലയാളം പഠിക്കാമെന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റുകളിൽ മലയാളത്തിന് ലഭിക്കുന്ന മാർക്ക് രേഖപ്പെടുത്താത്ത അവസ്ഥയാണുള്ളത്. മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിച്ച ഈ സന്ദർഭത്തിൽ തമിഴ്നാട്ടിലെ മലയാളി വിദ്യാർത്ഥികൾക്ക് മലയാളം പഠിക്കുവാനും മറ്റ് വിഷയങ്ങൾപോലെ മലയാളവും വിലയിരുത്തപ്പെടുവാനുമുള്ള അവസരം നിഷേധിക്കുന്നത് മലയാള ഭാഷയോടുള്ള അവഗണനയായി സമിതി വിലയിരുത്തുന്നു.

11. മറ്റ് ഭാഷകളെ അംഗീകരിക്കുന്ന ഒരു സാംസ്കാരിക ബോധം കേരള ജനതയ്ക്കുണ്ടെന്ന് നമുക്ക് അഭിമാനിക്കാം. തമിഴ്നാടിനനുകൂലമായി സുപ്രീം കോടതി വിധിയുണ്ടെങ്കിലും, കേരളത്തിൽ തമിഴ് അടക്കമുള്ള എല്ലാ ഭാഷാ ന്യൂനപക്ഷങ്ങൾക്കും അവരവരുടെ മാതൃഭാഷ പഠിക്കാൻ അവസരമുള്ള സാഹചര്യത്തിൽ, തമിഴ്നാട്ടിലെ മലയാളി വിദ്യാർത്ഥികൾക്കും അതിനുള്ള അവസരം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. തമിഴ്നാട്ടിലെ മലയാളി വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ മലയാള ഭാഷാ പഠനത്തിന് അവസരമുണ്ടാകുന്നതിന് മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തണമെന്നും ഇതിനായി കേരള സർക്കാർ മുൻകൈ എടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. തമിഴ്നാട്ടിൽ സെക്കന്ററി, ഹയർ സെക്കന്ററി പരീക്ഷകളിൽ മലയാളത്തിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് കേരള സർക്കാർ 'എഴുത്തച്ഛൻ സ്മാരക സുവർണ്ണ പുരസ്ക്കാരം' നൽകിവന്നിരുന്നത് കുറച്ചുകാലമായി നിർത്തി വച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. മറുനാടൻ മലയാളി വിദ്യാർത്ഥികൾക്ക് മലയാളം പഠിക്കുന്നതിന് പ്രസ്തുത അവാർഡ് ഒരു പ്രചോദനം ആകുമെന്നതിനാൽ എഴുത്തച്ഛൻ സ്മാരക സുവർണ്ണ പുരസ്കാരം പുനഃസ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. അതുപോലെ തമിഴ്നാട്ടിലെ മലയാളം മാധ്യമത്തിലുള്ള സ്കൂളുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. ചെന്നൈയിലെ മലയാളികൾക്ക് ഒത്തുചേരുന്നതിനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും ഒരു പൊതുസമ്മേളന വേദിയുടെ അഭാവമുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഹാളുകൾക്ക് ഉയർന്ന വാടക നൽകേണ്ട അവസ്ഥയുമുണ്ട്. ചെന്നൈയിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന കേരള ഹൗസിൽ വിവിധ മലയാളി സംഘടനകൾക്കായി 5 മുറികളും ഒരു പൊതുസമ്മേളന വേദിയും കുറഞ്ഞ നിരക്കിൽ അനുവദിക്കാമെന്ന് സർക്കാർ വാഗ്ദാനം നൽകിയിട്ടുള്ളതും ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ്. [ജി.ഒ. (എംഎസ്.) നമ്പർ 49/11/ടി.എസ്.എം. തീയതി 14-2-2011]. ഇത് മലയാളം മിഷന്റെയും നോർക്കയുടെയും പ്രവർത്തനത്തിനു കൂടി പ്രയോജനപ്പെടുന്നതാണ്. എന്നാൽ മലയാളി സംഘടനകൾക്ക് മുറി അനുവദിച്ച് നൽകിയാൽ ചെന്നൈ കേരള ഹൗസിന് ലഭിക്കാനിടയുള്ള ത്രീ സ്റ്റാർ പദവി നഷ്ടപ്പെട്ടേക്കും എന്ന കാരണത്താൽ സംഘടനകൾക്ക് മുറി അനുവദിക്കാൻ കഴിയില്ലെന്ന നിലപാടാണ് നിലവിൽ കെ.ടി.ഡി.സി. സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. ആയതിനാൽ ചെന്നൈ കേരള ഹൗസിൽ മലയാളി സംഘടനകൾക്ക് കുറഞ്ഞ നിരക്കിൽ 5 മുറികളും പൊതുസമ്മേളനവേദിയും അനുവദിച്ച സർക്കാർ ഉത്തരവ് [ജി.ഒ. (എംഎസ്.) നമ്പർ 49/11/ടി.എസ്.എം. തീയതി 14-2-2011] നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. തൊഴിൽതേടി ചെന്നൈയിലെത്തുന്ന മലയാളിവനിതകൾക്കായി ചെന്നൈ കേരള ഹൗസിൽ വനിതാ ഹോസ്റ്റൽ, ഒരു പകൽമാത്രം സന്ദർശനത്തിനെത്തുന്ന മലയാളികൾക്ക് ഡോർമിറ്ററി/വിശ്രമസൗകര്യം എന്നിവ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ചികിത്സ, ഉപരിപഠനം തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി ചെന്നൈയിലെത്തുന്ന മലയാളികൾക്ക് കേരള ഹൗസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ചെന്നൈയിലെത്തുന്ന മലയാളികൾക്ക് ചെലവ് കുറഞ്ഞതും സ്വാദിഷ്ഠവുമായ നാടൻഭക്ഷണം ലഭിക്കുന്നതിന് കേരള ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. മറുനാടൻ മലയാളികൾ പൊതുവായി കടുത്ത യാത്രാദുരിതം അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പോത്തന്നൂർവഴി പോയിരുന്ന ചെന്നൈ-ആലപ്പി എക്സ്പ്രസ്സ് കോയമ്പത്തൂർവഴി റൂട്ട് മാറ്റിയാൽ ചെന്നൈ മലയാളികൾക്ക് ലഭിക്കേണ്ട റിസർവ്വേഷൻക്വാട്ട കുറയും എന്നത് സംബന്ധിച്ച് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. ആകയാൽ പോത്തന്നൂർവഴി പോയിരുന്ന തീവണ്ടികൾ തുടർന്നും അതുവഴിതന്നെ പോകാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. പാലക്കാടും തിരുവനന്തപുരത്തും യാത്ര അവസാനിക്കേണ്ട തീവണ്ടികൾ കോയമ്പത്തൂരിലേക്കും നാഗർകോവിലിലേക്കും യാത്ര നീട്ടുന്നുണ്ട്. എന്നാൽ തമിഴ്നാട്ടിലെ ഒരു തീവണ്ടിയും ഇത്തരത്തിൽ കേരളത്തിലേക്ക് യാത്ര നീട്ടുന്നില്ല എന്നത് നിഷേധിക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. ആയതിനാൽ ചെന്നൈയിൽ നിന്നുള്ള യാത്രക്കാരുടെ ആവശ്യം മുൻനിർത്തി ചെന്നൈയിൽനിന്നും കോയമ്പത്തൂർവരെ പോകുന്ന ചേരൻ എക്സ്പ്രസ്സ്, കോവൈ എക്സ്പ്രസ്സ്, തുരന്തോ എക്സ്പ്രസ്സ് എന്നിവ ഷൊർണ്ണൂർവരെ നീട്ടുന്നത് ചെന്നൈയിലുള്ള മലയാളികൾക്ക് വളരെ പ്രയോജനകരമാകും എന്നതിനാൽ ഇതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. ചെന്നൈ സെൻട്രൽ റയിൽവെ സ്റ്റേഷനിൽനിന്നും 25 കി.മീ. അകലെ സ്ഥിതി ചെയ്യുന്നതും ഏകദേശം രണ്ട് ലക്ഷത്തോളം മലയാളികൾ താമസിക്കുന്നതുമായ ആവഡിയിൽ മാംഗ്ലൂർ-ചെന്നൈ മെയിലിന് സ്റ്റോപ്പ് അനുവദിക്കാത്തതിനാൽ കേരളത്തിൽനിന്നുള്ള യാത്രക്കാർ വളരെയേറെ കഷ്ടതയനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലക്ഷക്കണക്കിന് മലയാളികൾ താമസിക്കുന്ന ആവഡിയിൽ മാംഗ്ലൂർ-ചെന്നൈ മെയിലിന് സ്റ്റോപ്പ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ചെന്നൈ-തിരുവനന്തപുരം, ചെന്നൈ-മംഗലാപുരം എന്നീ റൂട്ടുകളിൽ ഓരോ പുതിയ തീവണ്ടികൾ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഒത്തൊരുമിച്ച് താമസിക്കുന്ന സ്ഥലമാണ് ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ. വിവിധ സംസ്ക്കാരങ്ങളിൽ നിന്നുള്ളവർ ഒത്തൊരുമിച്ച് താമസിക്കുന്നതുകൊണ്ടുതന്നെ ഒരു സമ്മിശ്ര സംസ്ക്കാരമാണ് അവിടെ നിലകൊള്ളുന്നത്. 1921-ലെ മലബാർ കലാപത്തിന്റെപേരിൽ നാടുകടത്തപ്പെട്ട മാപ്പിളമാരുടെ പിൻതലമുറക്കാരാണ് ഇന്നത്തെ

ആൻഡമാൻ മലയാളികൾ. എന്നാൽ ആൻഡമാനിലെ മലയാളികളുടെ പുതുതലമുറയ്ക്ക് മലയാള ഭാഷയോടുള്ള താല്പര്യം നഷ്ടപ്പെടുന്നതായി സമിതിക്ക് കാണാൻ കഴിഞ്ഞു. ഭാഷയും സംസ്ക്കാരവും നഷ്ടപ്പെട്ടുപോകാതെ അടുത്ത തലുമറയ്ക്ക് കൈമാറേണ്ടത് ഓരോ പൗരന്റേയും കടമയാണെന്നും പാരമ്പര്യത്തെക്കുറിച്ചുള്ള അഭിമാനം ഒരു ജനതയുടെ മുന്നോട്ടുള്ള പ്രയാണത്തെ സ്വാധീനിക്കുന്ന പ്രധാനഘടകമാണെന്നും സമിതി വിലയിരുത്തുന്നു.

22. അന്യസംസ്ഥാനങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനോ ജോലി ലഭിക്കുന്നതിനോ മലയാളഭാഷയുടെ ആവശ്യമില്ലായെന്നിരിക്കിലും വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം സാധ്യമാകാത്ത സാഹചര്യത്തിൽ കുട്ടികളെ മലയാളം പഠിപ്പിക്കുന്ന തിനുള്ള ശ്രമം മലയാളി സംഘടനകളിൽനിന്നുണ്ടാകണമെന്ന് സമിതി അഭിപ്രായ പ്പെടുന്നു. പുതിയ തലമുറയിലെ കുട്ടികളെ സ്കൂളിലല്ലാതെതന്നെ മലയാളം പഠിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയായ 'മലയാളം മിഷൻ'-ന്റെ പ്രവർത്തനം അവിടത്തെ മലയാളി സംഘടനകളുടെ സഹകരണത്തോടെ ആൻഡമാനിൽ നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. ആൻഡമാനിലെ മലയാളിയുടെ സാംസ്ക്കാരികത്തനിമയും കലാഭിരുചിയും അന്യംനിന്നുപോകാതിരിക്കാനായി കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ ആൻഡമാനിൽ വർഷത്തിലൊരിക്കൽ കലാപരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയതിന്റെ പേരിൽ നാടുകടത്തപ്പെട്ടവരുടെ പിൻതലമുറക്കാരായ ആൻഡമാൻ മലയാളികൾക്ക് സ്വന്തം നാടുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിൽനിന്ന് ആൻഡമാനിലേക്ക് നിലവിൽ നേരിട്ടുള്ള ഫ്ളൈറ്റ് സർവ്വീസില്ലായെന്നത് യാത്രാദുരിതം വർദ്ധിപ്പിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, നെടുമ്പാശ്ശേരിയിൽനിന്നും ആൻഡമാനിലേക്ക് പ്രതിവാര വിമാന സർവ്വീസ് തുടങ്ങാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. ആൻഡമാനിലെ മലയാളികളുടെ യുവതലമുറയ്ക്ക് കേരളവുമായുള്ള സാംസ്ക്കാരിക സമ്പർക്കത്തിന് വഴിതെളിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളിൽ ആൻഡമാനിൽനിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സീറ്റുകൾ സംവരണം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. 2004-ലെ സുനാമിദുരന്തം ഏറ്റവും അധികം നാശംവിതച്ചത് ആൻഡമാൻ നിക്കോബാർ ദ്വീപുകളിലാണ്. സുനാമിയിൽപ്പെട്ട് കൃഷിഭൂമി നശിച്ചുപോയവർക്ക് കേന്ദ്രസർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടെങ്കിലും പകരമായി പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്നു. അതോടെ കർഷകർക്ക് ഭൂമി മാത്രമല്ല അവന്റെ ജീവനോപാധിയും നഷ്ടമാകുന്നു. ആയതിനാൽ, സുനാമിയിൽപ്പെട്ട് വെള്ളത്തി നടിയിലായ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുപകരം ഭൂമിയുടെ അവകാശം

ഉടമകളിൽതന്നെ നിക്ഷിപ്തമാക്കി നഷ്ടപരിഹാരം നൽകണമെന്നും ഇവിടെ മത്സ്യകൃഷി അടക്കമുള്ള പദ്ധതികൾ നടത്തുന്നതിന് ഭൂവുടമകളെകൂടി പങ്കാളികളാക്കണമെന്നും ഇതിലേക്കായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. ജീവനോപാധിതേടി പലയിടത്തേക്കും പലായനം ചെയ്ത അവസരത്തിൽ ആദ്യകാലത്ത് മലയാളികൾ കൂടുതലായി ആശ്രയിച്ച സ്ഥലമാണ് കൊൽക്കത്ത. മലയാളിയുടെ അധ്വാനമായിരുന്നു അക്കാലത്തെ കൊൽക്കത്തയിലെ ചണമില്ലുകളുടെ നിലനിൽപ്പിനാധാരം. എന്നാൽ, ഇന്ന് കൊൽക്കത്തയിൽ മലയാളികളുടെ അംഗസംഖ്യ തുലോം പരിമിതമാണ്. മാത്രമല്ല ലക്ഷക്കണക്കിന് ബംഗാളികൾ കേരളത്തിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന സാഹചര്യവും സംജാതമായി. യാത്രാപ്രശ്നമാണ് കൊൽക്കത്ത യിൽ അവശേഷിക്കുന്ന മലയാളികളുടെ പ്രധാനപ്രശ്നം. ബംഗാളിലെ മലയാളികൾക്കും കേരളത്തിലെ ബംഗാളികൾക്കും കേരളത്തിലേക്കും തിരിച്ചും യാത്ര ചെയ്യുന്നതിന് നിലവിൽ ആഴ്ചയിൽ 3 ട്രെയിനുകൾ മാത്രമാണുള്ളത്. യാത്രക്കാരുടെ ബാഹുല്യം നിമിത്തം റിസർവ്വേഷൻ ലഭിക്കാത്ത അവസ്ഥയുമുണ്ട്. മാത്രമല്ല ഈ 3 ട്രെയിനുകളും ബംഗാളിൽനിന്നും യാത്ര പുറപ്പെടുന്നത് ഷാലിമാർ എന്ന താരതമ്യേന ചെറിയ സ്റ്റേഷനിൽനിന്നാണ് എന്നത് യാത്രക്കാർക്കും യാത്ര അയയ്ക്കാൻ വരുന്നവർക്കും കടുത്ത പ്രയാസങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്. അതിനാൽ, യാത്രക്കാരുടെ ബാഹുല്യവും യാത്രാ സൗകര്യവും പരിഗണിച്ച് കൊൽക്കത്തയിലെ ഹൗറ സ്റ്റേഷനിൽനിന്നും കേരളത്തിലേക്ക് ദിവസേന ഒരു സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് ട്രെയിൻ സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. കൊൽക്കത്തയിൽ പലയിടത്തും മലയാളഭാഷ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ മലയാളം മിഷൻവഴി നടപ്പിലാക്കുന്നുണ്ട്. എങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം പഠനം മുടങ്ങുന്ന അവസ്ഥയുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. അതിനാൽ, കൊൽക്കത്തയിലെ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. ഇന്ത്യയുടെ സാംസ്ക്കാരിക കേന്ദ്രമായാണ് കൊൽക്കത്ത അറിയപ്പെടുന്നത്. കലാസാംസ്ക്കാരികരംഗത്ത് കേരളവും ബംഗാളും തമ്മിൽ സമാനതകളുമുണ്ട്. രണ്ട് സംസ്ഥാനങ്ങളും തമ്മിലുള്ള സാംസ്ക്കാരിക സമന്വയത്തിന് ഗുണകരമാകത്തക്ക വിധത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കി കൊൽക്കത്തയിൽ മലയാളികൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പൊതു ലൈബ്രറി ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. കൊൽക്കത്തയിലെ മലയാളികൾക്ക് ഒന്നിച്ച് കൂടുന്നതിനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുമായി അവിടെ ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, എല്ലാ വർഷവും കൊൽക്കത്തയിൽ സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

31. പ്രതിഭാധനരായ നിരവധി കലാകാരന്മാർക്ക് ജന്മം നൽകിയ നാടാണ് കൊൽക്കത്ത. കേരളത്തിൽനിന്നടക്കമുള്ള അനവധി പ്രഗൽഭരെ കലയുടേയും സാഹിത്യത്തിന്റേയും ലോകത്തിലേക്ക് നയിച്ചതിൽ കൊൽക്കത്തയിലെ പാഠശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ്. മഹാകവി കുമാരനാശാന്റെ പ്രതിമ കൊൽക്കത്തയിൽ അദ്ദേഹം പഠിച്ച സംസ്കൃത കോളേജിന് മുമ്പിൽ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. കേരളത്തിലെത്തുന്ന ദേശീയ ടൂറിസ്റ്റുകളിൽ വലിയൊരുസംഖ്യ ബംഗാളിൽ നിന്നാണ്. അതിനാൽ, കേരളത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി അവിടത്തെ മലയാളി സമാജങ്ങളുടെ സഹകരണത്തോടെ കൊൽക്കത്തയിൽ ഒരു ടൂറിസം മേള സംഘടിപ്പിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. ചണ്ഡിഗഡ് വളരെയധികം മലയാളികൾ താമസിക്കുന്ന ഒരു സ്ഥലമാണ്. എന്നാൽ, ചണ്ഡിഗഡിൽനിന്നും കേരളത്തിലേക്ക് യാത്രാസൗകര്യങ്ങൾ വളരെ കുറവാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, ചണ്ഡിഗഡിൽനിന്നും കേരളത്തിലേക്കുള്ള പ്രതിവാര ട്രെയിനായ സംബർക്ക് ക്രാന്തി എക്സ്പ്രസ്സ് ആഴ്ചയിൽ മൂന്ന് തവണയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ചണ്ഡിഗഡിലെ മലയാളികളുടെ യുവതലമുറക്കിടയിൽ മലയാള ഭാഷയുടെ ഉപയോഗവും പ്രചാരവും കുറഞ്ഞുവരുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മാതൃഭാഷയും സംസ്ക്കാരവും ചണ്ഡിഗഡിലെ മലയാളികൾക്ക് കൈമോശംവന്ന് പോകാതിരിക്കുന്നതിനായി മറുനാടൻ മലയാളി സംഘടനകളുടെ സഹായത്തോടെ കേരള സർക്കാരിന്റെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയായ 'മലയാളം മിഷൻ'-ന്റെ ചണ്ഡിഗഡിലെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും പ്രയോജനപ്രദമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

35. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളെയും തിരിച്ചുവന്ന പ്രവാസികളെയും സഹായിക്കുന്നതിനായി രൂപീകരിച്ച പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. എങ്കിലും നിയമപരമായ സങ്കീർണ്ണതകൾമൂലം അപേക്ഷകന് യഥാസമയം ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥയാണുള്ളതെന്ന് സന്ദർശനവേളയിൽ വിവിധ മലയാളി സംഘടനകൾ സമിതിയെ അറിയിച്ചു. ധനസഹായം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന നിബന്ധന അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് കടുത്ത പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, ആനുകൂല്യം ലഭിക്കുന്നതിന് നോർക്കയുടെ ബോർഡ് മീറ്റിംഗ് കൂടുന്നതുവരെ കാത്തിരിക്കേണ്ട അവസ്ഥയുമുണ്ട്. അർഹരായ അപേക്ഷകർക്ക് കാലതാമസം കൂടാതെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. മറുനാടുകളിൽവച്ച് മരണപ്പെടുന്ന നിർദ്ധനരായ മലയാളികളുടെ മൃതദേഹം നാട്ടിലേക്ക് കൊണ്ടുവരുന്നതിന് കടുത്ത പ്രയാസങ്ങൾ നേരിടുന്നതായി സംസ്ഥാന ഭേദമെന്യേ വിവിധ സംഘടനകൾ സമിതി മുമ്പാകെ വ്യക്തമാക്കി. പലപ്പോഴും സംഘടനകൾ മുൻകൈയെടുത്ത് മൃതദേഹം നാട്ടിലെത്തിച്ച സ്ഥിതിവിശേഷംവരെ ഉണ്ടായിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽവച്ച് മരണമടയുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നിലവിൽ നോർക്ക 10,000 രൂപ ധനസഹായം നൽകുന്നുണ്ടെങ്കിലും അതിന്റെ നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്.

37. മറുനാടുകളിൽവച്ച് മരണമടയുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലേക്ക് കൊണ്ടുവരുന്നതിനും മരണാനന്തര ധനസഹായം കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും മൃതശരീരം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് വിമാനത്തിൽ എമർജൻസി ക്വാട്ട സംവിധാനം ഒരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38. ഡൽഹിയിൽ നോർക്കയുടെ ഓഫീസ് ഉണ്ടെങ്കിലും സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ റോഡ് ആക്സിഡന്റ് കേസ്സുകൾ ഉണ്ടാകുമ്പോൾ നോർക്ക ഉദ്യോഗസ്ഥർക്ക് അപകടസ്ഥലത്ത് യഥാസമയം എത്തിച്ചേരാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നതായി നോർക്ക-റൂട്ട്സ് അണ്ടർ സെക്രട്ടറി സമിതിയെ അറിയിച്ചു. അതിനാൽ, ഡൽഹിയിൽ നോർക്ക ഓഫീസിന് സ്വന്തമായി ഒരു വാഹനം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ചണ്ഡിഗഢിൽ നോർക്കയുടെ ഒരു സാറ്റലൈറ്റ് ഓഫീസ് തുടങ്ങണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**അബ്ദുറഹിമാൻ രണ്ടത്താണി,**
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 29.